**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5419** **05-07-2024 - ൽ മറുപടിയ്ക്ക്**

**റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗി ച്ച് നടപ്പിലാക്കിയിട്ടുള്ള /നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ? | (ബി) | റോഡ് സേഫ്റ്റിഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള /നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, 14 ജില്ലാ റോഡ് സുരക്ഷാ കാൺസിലുകൾ എന്നിവ മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗ് അംഗീകാരം നല്കുകയും വിവിധ സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകൾക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട് .

1) മണ്ഡലകാല - മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ശബരിമലയിൽ റോഡ് സുരക്ഷാ ട്രാഫിക് നിയന്ത്രണത്തിനായുള്ള "സേഫ് സോൺ ശബരിമല" പദ്ധതി .

2)കേരളത്തിലുടനീളമുള്ള സ്കൂൾ പരിസര പ്രദേശങ്ങളിൽ റോഡ് സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സ്കൂൾ സോൺ ഇമ്പ്രൂവ്മെന്റ് പദ്ധതി.

3) മോട്ടോർ വാഹന വകുപ്പിന് സേഫ് കേരള പദ്ധതിക്കുള്ള ധനസഹായം

4) ബ്ലാക്ക് സ്പോട്ടുകളുടെ പഠനം നടത്തിയതിന് നാറ്റ്പാക് നുള്ള ധനസഹായം

5]കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി--വളപട്ടണം റോഡ് സുരക്ഷാ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

6) റോഡ് സുരക്ഷ സംബന്ധിച്ച അധ്യാപകർക്കുള്ള കൈപുസ്തക പരിഷ്കരണം.

7) കേരളത്തിലെ തെരഞ്ഞെടുത്ത ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ നവീകരണം, ബ്ലിങ്കറുകൾ സ്ഥാപിക്കൽ.

8)പോലീസ് വകുപ്പിന് (ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ വാങ്ങൽ .

9)സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ റോഡ് സുരക്ഷാ ബോധവൽകരണ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനുള്ള പദ്ധതി

10) ലഹരിവിരുദ്ധ ബോർഡുകളിലൂടെയുള്ള റോഡ് സുരക്ഷാ ബോധവൽകരണം

11) സംസ്ഥാനത്തെ റോഡ് സുരക്ഷാ വാരാചരണം പദ്ധതിക്കുള്ള ധനസഹായം

12) പോലീസ് വകുപ്പിന് ഇ ചെല്ലാൻ പദ്ധതി നടപ്പിലാക്കാൻ ധനസഹായം

13) KSRTC -തിരുവനന്തപുരം സിറ്റിസർക്കുലർ ബസ്റ്റൂട്ടുകളിൽ സൈൻബോർഡുകൾ സ്ഥാപിക്കൽ

14) എഫ് . എം റേഡിയോയിലൂടെയുള്ള റോഡ് സുരക്ഷാ ബോധവൽകരണം

15) സംസ്ഥാനത്തെ തെരെഞ്ഞടുക്കപ്പെട്ട സ്കൂളുകളിൽ “സേഫ് റോഡ് ടൂ സ്കൂൾ” പദ്ധതി.

16) സംസ്ഥാനത്തെ തെരെഞ്ഞടുക്കപ്പെട്ട സ്കൂളുകളിൽ “റോഡ് സുരക്ഷ - സ്കൂളുകളിലൂടെ" എന്ന പദ്ധതി.

17) തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ് വഴി നടത്തുന്ന ആംബുലൻസ് ഡ്രൈവർമാർ, സ്കൂൾ ബസ് ഡ്രൈവർമാർ , ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടി.

18) സംസ്ഥാനത്തുടനീളമുള്ള റോഡ് അപകടമേഖലകളായ വൾണറബിൾ സ്പോട്ടുകൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലാ റോഡ് സുരക്ഷാ കൌൺസിലുകൾക്കും ധനസഹായം

19) വയനാട് ജില്ലയിലെ വാര്യാട - കൊല്ലഗൽ ദേശീയപാതയിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി ധനസഹായത്തിനുള്ള ഭരണാനുമതി

20) പൊതുമരാമത്ത് വകുപ്പിന്റെ ശബരിമലയിലെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ 2023-24

24) കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വഴിയുള്ള ശബരിമലയിലെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

**ബി] ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗ് അംഗീകാരം നല്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ഭരണാനുമതിക്കനുസ്ൃതമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.**

1) കോട്ടയം ജില്ലയിലെ വേമ്പള്ളിയിൽ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി

2) കണ്ണൂർ ജില്ലയിലെ മേൽത്തുറുമ്പയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

3) ആലപ്പുഴ ബൈപ്പാസ്സിൽ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കൽ

4) പത്തനംതിട്ട ജില്ലയിലെ വിവിധ ഇടങ്ങളിൽ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും സോളാർ ബ്ളിങ്കറുകളും സ്ഥാപിക്കൽ

5) പാലക്കാട് ജില്ലയിലെ ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കൽ

6) കണ്ണൂർ ജില്ലാ പോലീസ് വകുപ്പിന് റോഡ് സുരക്ഷാ ബോധവല്ക്കരണപരിപാടികൾക്കുള്ള ധനസഹായം

7) പത്തനംതിട്ട ജില്ലയിലെ തോട്ടംഭാഗം ജംഗ്ക്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കൽ

8) കാസർഗോഡ് ജില്ലയിലെ പരവ്വച്ചാൽ വെള്ളരിക്കുണ്ട ജംഗ്ക്ഷനിൽ അപകടകരമായ പാലം നവീകരണം